**മധുരമായ കുട്ടികളേ - മായയുടെ രോഗങ്ങളിൽ നിന്നും രക്ഷപ്പെടുന്നതിനു വേണ്ടി ജ്ഞാനത്തിന്റേയും യോഗത്തിന്റേയും ആപ്പിൾ ദിവസവും കഴിക്കണം.**

**ചോദ്യം:-** കർമ്മാതീത അവസ്ഥയിലേക്ക് പോകുന്നതിനുള്ള പുരുഷാർത്ഥം എന്താണ്?
**ഉത്തരം:-** ബാബയല്ലാതെ മറ്റൊരു ഓർമ്മയും ബുദ്ധിയിലേക്ക് വരാതിരിക്കാനുള്ള അഭ്യാസം ചെയ്യണം. അന്തിമ സമയത്തെ ഗതി സദ്ഗതിയിലേക്ക് കൊണ്ടു പോകണം. എപ്പോഴാണോ ബുദ്ധിയിൽ മറ്റാരുടേയും ഓർമ്മ വരാതിരിക്കുന്നത് അപ്പോൾ സദാ ഹർഷിതമായിരിക്കുകയും കർമ്മാതീത അവസ്ഥ പ്രാപ്തമാക്കാനും സാധിക്കും. ആത്മാഭിമാനി ആകുന്നതിനുള്ള പുരുഷാർത്ഥമാണ് നിങ്ങളുടേത്. ആത്മാവ് ആത്മാവിനെ നോക്കണം, ആത്മാവിനോട് സംസാരിക്കണം അപ്പോൾ സന്തോഷം ഉണ്ടാകും.സ്ഥിതി അചഞ്ചലമാകും.

**ഗീതം:-** അങ്ങ് തന്നെയാണ് മാതാവും.....

**ഓം ശാന്തി**. ഗീതം യഥാർത്ഥമായതാണ് എന്തുകൊണ്ടെന്നാൽ മുഴുവൻ സൃഷ്ടിയുടേയും രചയിതാവ് അതോടൊപ്പം ആരിലൂടെയാണോ രചന ചെയ്യപ്പെട്ടത് അവരെ തന്നെയാണ് മാതാപിതാവെന്ന് പറയുക. സാകാരി അഥവാ ആകാരി ആയ ആരെയും രചയിതാവ് എന്ന് പറയില്ല. രചയിതാവ് എന്ന് പറയുന്നത് ഒരു നിരാകാരനെയാണ്. മനുഷ്യർ വെറുതെ പാടുകയാണ് എന്നാൽ നിങ്ങൾ കുട്ടികൾക്ക് തിരിച്ചറിവ് ലഭിച്ചു കഴിഞ്ഞു. ഭക്തരുടെ ബുദ്ധിയിൽ കേവലം ഭക്തി ചെയ്യണം എന്നതാണ് ഉള്ളത് പക്ഷെ ആരുടെ ഭക്തിയാണ് ചെയ്യേണ്ടത് എന്ന് അറിയുന്നില്ല. ആരെയാണോ മാതാ പിതാവാണെന്ന് വിളിക്കുന്നത് ആ ഭഗവാന്റെ ഭക്തിയാണ് ചെയ്യേണ്ടത്, അല്ലാതെ ആയിരകണക്കിനു പേരുടെയല്ല. ഭഗവാൻ വന്ന് ഭക്തർക്ക് ഭക്തിയുടെ ഫലം നൽകും എന്നാണ് പറയുന്നത്. ഫലം അഥവാ സമ്പത്ത് ഒന്നു തന്നെയാണ്. ഒരു കുട്ടി ജനിച്ചാൽ മാതാ പിതാവിന്റെ സമ്പത്തിന്റെ ഫലം ലഭിച്ചു എന്നല്ലേ പറയുന്നത്. ബാക്കി ഈ ഗീതമെല്ലാം ഭക്തി മാർഗ്ഗത്തിലേതാണ്. വരൂ വന്ന് ഞങ്ങൾക്ക് ഭക്തിയുടെ ഫലം നൽകൂ എന്ന് പറഞ്ഞ് ഓർമ്മിക്കുന്നുണ്ട്. ജ്ഞാനമെന്നും ഭക്തിയെന്നും പറയുന്നുണ്ട്. ഭക്തിയുടെ ഫലം ജ്ഞാനമാണ്. തീർച്ചയായും എപ്പോഴാണ് ഭക്തി ആരംഭിച്ചത് എന്നതും നിങ്ങൾ അറിഞ്ഞു കഴിഞ്ഞു. ഇത് ആരും അറിയുന്നില്ല ജ്ഞാനത്തിന്റെ സമയത്തെയാണ് പകൽ എന്നു പറയുന്നത്. ഭക്തിയുടെ സമയം രാത്രിയായിരുന്നു. പകലും രാത്രിയും പകുതി പകുതി ആയിരിക്കുമല്ലോ, ശാസ്ത്രങ്ങളിൽ കല്പത്തിന്റെ ആയുസ്സ് പോലും വളരെ വലുതായി കാണിച്ചിരിക്കുന്നു. ദ്വാപര കലിയുഗത്തിന്റെ ആയുസ്സ് കുറവായി കാണിച്ചിരിക്കുന്നു. അപ്പോൾ രാത്രിയുടേയും പകലിന്റേയും കണക്ക് ശരിയായി വരുന്നില്ലല്ലോ. കൃഷ്ണപക്ഷം അതുപോലെ ശുക്ല പക്ഷം എന്നും പറയുന്നുണ്ട്. ശാസ്ത്രങ്ങളിൽ ഇങ്ങനെയുള്ള ശബ്ദങ്ങളാണ് എഴുതിയിരിക്കുന്നത്. അവർ പറയും നിങ്ങൾ ശാസ്ത്രങ്ങളേയൊന്നും അംഗീകരിക്കാത്തവരാണല്ലോ പിന്നെ ഇതിലെ ശബ്ദങ്ങളെ എന്തിനാണ് ഉപയോഗിക്കുന്നത്. അപ്പോൾ നിങ്ങൾ മനസ്സിലാക്കി കൊടുക്കണം - ശാസ്ത്രങ്ങളുടെ സാരമാണ് ബാബ മനസ്സിലാക്കി തരുന്നത്. ആ ശാസ്ത്രത്തിൽ പറഞ്ഞത് ശരിയല്ല, ഇതാണ് ശരി എന്ന് പറഞ്ഞു തരും. അതിൽ ഉള്ളതും മനസ്സിലാക്കി തരണം. ഏതുപോലെയാണോ ഇപ്പോൾ പ്രദർശിനിയിൽ ഹനുമാൻ, ഗണേശൻ, വാമന അവതാരമെല്ലാം കാണിക്കുന്നുണ്ടല്ലോ....മനസ്സിലാക്കി കൊടുക്കുന്നതിന് ആ ചിത്രങ്ങളെല്ലാം ഉപയോഗിക്കേണ്ടി വരും. ഏത് കാര്യങ്ങൾ തെറ്റാണോ അത് വിവരിച്ച് നൽകി പിന്നെ ശരി എന്താണോ അതാണ് ബാബ മനസ്സിലാക്കി തരുന്നത്.

ഇപ്പോൾ ബാബയുടെ മഹിമ ശിവായ നമ എന്ന് എഴുതുന്നുണ്ട് പിന്നെ ത്വമേവ മാതാശ്ച പിതാ ത്വമേവ... പേര് കൊടുക്കണമല്ലോ. മനുഷ്യർക്ക് തന്റെ അച്ഛൻ ആരാണെന്ന് അറിയില്ല. ഓ ഗോഡ് ഫാദർ എന്ന് പറയുന്നുണ്ട്. ബുദ്ധി അങ്ങോട്ട് പോകുന്നുമുണ്ട്. മനുഷ്യർ പ്രാർത്ഥിക്കുമ്പോഴും അറിയുന്നുണ്ട് പരംപിതാ പരമാത്മാവ് പരലോകത്തിലാണ് വസിക്കുന്നത്. ബ്രഹ്മാ വിഷ്ണു ശങ്കരനെയാണ് ഓർമ്മിക്കുന്നതെങ്കിൽ ബുദ്ധി സൂക്ഷ്മവതനത്തിലേക്ക് പോകും. ഒന്ന്, രണ്ട് പിന്നെ മൂന്ന് നിലയാണ് ഉള്ളത്. ബാബയെ മറന്നു പോയി എന്നതാണ് മുഖ്യമായ കാര്യം. ബാബ വന്ന് സൂചന നൽകുകയാണ്. നിങ്ങൾ കുട്ടികൾ എന്റെ എത്ര ഗ്ലാനി ചെയ്തു. സർവ്വർക്കും സദ്ഗതി കൊടുക്കുന്ന ബാബ, സർവ്വരും ആ അച്ഛന്റെ ഗ്ലാനിയാണ് ചെയ്തത്. ഭഗവാനുവാചയാണ് യദാ യദാഹി.....ഭാരതവാസികൾ തന്റെ ധർമ്മത്തിന്റെ ഗ്ലാനി ചെയ്യുകയാണ്. പറയുകയാണ് ഈശ്വരൻ സർവ്വവ്യാപിയാണ്. സർവ്വരിലും ഈശ്വരൻ ഉണ്ടോ? അപ്പോൾ പറയും കൂർമ്മാവതാരം, വരാഹാവതാരം......ബാബ ഭാരതവാസി കുട്ടികളോടാണ് പറയുന്നത് എന്തുകൊണ്ടെ

ന്നാൽ ഭാരതവാസികളാണ് തന്റെ ധർമ്മത്തിന്റെ ഗ്ലാനി ചെയ്തത്. ഈ ഓമനയായ കുട്ടി (ബ്രഹ്മാവും) ഗ്ലാനി ചെയ്തിരുന്നു. ഈ ഗ്ലാനിയും ഡ്രാമയിൽ അടങ്ങിയതാണ്. അതിനാലാണ് പാപാത്മാവായി മാറിയതും. ബാബ സർവ്വരേയും പാവനമാക്കി മാറ്റിയിരുന്നു എന്തുകൊണ്ടെന്നാൽ പതിതപാവനനാണ്. പാവനമാക്കി മാറ്റി വിശ്വത്തിന്റെ അധികാരിയാക്കും. അധികാരി ആക്കി മാറ്റുന്ന ബാബയുടെ എത്രയധികം ഗ്ലാനിയാണ് ചെയ്തത്. എപ്പോഴാണോ മനസ്സിലാക്കി തരുന്നത് അപ്പോൾ അംഗീകരിക്കും, വാർത്തയും എത്തുന്നുണ്ട്, താങ്കളുടെ കാര്യം ശരിയാണെന്ന് പറഞ്ഞ് ഇത്ര പേർ ഒപ്പിട്ടു എന്നെല്ലാം ബാബക്കുള്ള കത്തിൽ എഴുതുന്നുണ്ട്. ഇപ്പോൾ പറയുന്നുണ്ട് ശ്രീമദ്ഭഗവദ്ഗീതാ എന്ന്, അപ്പോൾ ശ്രേഷ്ഠത്തിലും ശ്രേഷ്ഠമായ നിർദേശം ഭഗവാന്റേതാകുമല്ലോ, ഉയർന്നതിലും ഉയർന്ന ശക്തി നൽകുന്ന നിർദേശവും ഉയർന്നതായിരിക്കുമല്ലോ. ബാബ വന്ന് പതിതരായ ഭ്രഷ്ടാചാരികളെ ശ്രേഷ്ഠാചാരികളാക്കുകയാണ്. അതിനാൽ ആദ്യമാദ്യം ഒരു ബാബയുടെ പരിചയം കൊടുക്കണം. നിങ്ങൾ കുട്ടികളും നമ്പർവൈസാണ്. ധാരാളം കുട്ടികൾ എഴുതുന്നുണ്ട് ഇനി എന്തു ചെയ്യും ബാബാ, മായയുടെ കൊടുങ്കാറ്റ് ഞങ്ങളെ ഇവിടെ നിൽക്കാൻ അനുവദിക്കുന്നില്ല. ഞങ്ങളെ ചില വികാരങ്ങൾ ബുദ്ധിമുട്ടിക്കുന്നു എന്നും പറയുന്നുണ്ട്. ബാബ പറയുകയാണ് നിങ്ങൾക്ക് ഇതിന്റെ മുകളിൽ വിജയം നേടണം. ഇല്ലെങ്കിൽ പദവി ഭ്രഷ്ടമാകും. പഠിപ്പിച്ചു കൊടുക്കുന്നവർ തന്നെ ഇങ്ങനെയുള്ള കർമ്മമെല്ലാം ചെയ്താൽ തീർച്ചയായും മറ്റുള്ളവർക്ക് സംശയം വരും അതോടൊപ്പം പറയും അവരുടെ പെരുമാറ്റം ഇങ്ങനെയാണ്, എന്നിട്ട് ഇവരാണോ മറ്റുള്ളവർക്ക് ഇങ്ങനെയെല്ലാം മനസ്സിലാക്കി കൊടുക്കുന്നത്. ചിലപ്പോൾ വികാരങ്ങളും പകുതി ശക്തി ഉള്ളതായിരിക്കും, സതോ രജോ തമോ എല്ലാ കാര്യത്തിലും വരും. സത്യയുഗത്തെയാണ് ഉയർന്ന സതോ എന്ന് പറയുന്നത് അതുപോലെ കലിയുഗത്തെയാണ് താഴേക്ക് വരുന്ന തമോയെന്ന് ബാബ പറയുന്നത്. ലോകം ഭ്രഷ്ടാചാരിയാണ്. പക്ഷെ ആരും സ്വയം ഭ്രഷ്ടാചാരി ആണെന്ന് മനസ്സിലാക്കുന്നില്ല. ബാബ മനസ്സിലാക്കി തരികയാണ് ഈ രാവണ രാജ്യത്തിൽ ഒരു ശ്രേഷ്ഠാചാരി പോലുമില്ല. ആരോടെങ്കിലും ഉയർന്നതിലും ഉയർന്നത് ആരാണ് എന്ന് ചോദിക്കൂ. ഇപ്പോൾ ഭഗവാനാണ് എന്ന് പറയും. ബാബയുടെ കർത്തവ്യം എന്താണ് എന്ന് അറിയാമോ? ഇല്ല. ഇല്ലെങ്കിൽ പറയും സന്യാസിമാർ തന്നെയാണ് ഉയർന്നവർ എന്തുകൊണ്ടെന്നാൽ പവിത്രമായി ജീവിക്കുന്നുണ്ട്. സ്വയവും സന്യാസിമാരെ അനുകരിക്കുന്നുണ്ട്. നമസ്തെ എന്ന് അവരും പറയുകയാണെങ്കിൽ അവരോട് ചോദിക്കണം, സന്യാസിമാരെക്കാളും ഉയർന്നവരായി ആരാണ് ഉള്ളത്. സന്യാസിമാരും ഭഗവാന്റെ സാധന ചെയ്യുന്നുണ്ട്. ഇന്നു കാലത്ത് ധാരളം ചിത്രങ്ങളും ഉണ്ടാക്കിയിട്ടുണ്ട്. എല്ലാവരേക്കാളും ഉയർന്നതായി കാണിച്ചിരിക്കുന്നത് പരമാത്മാവിനെയാണ്. ഇപ്പോൾ രാമന്റേയും കൃഷ്ണന്റേയും മുന്നിൽ ശിവലിംഗം കാണിക്കുന്നതും പൊങ്ങച്ചമാകും. അവർ ശിവന്റെ പൂജയൊന്നും ചെയ്യുന്നില്ലല്ലോ. അവർ സ്വയം രാജ്യം ഭരിക്കുകയാണ് ചെയ്യുന്നത്. എപ്പോഴാണോ അവരും പതിതമാകുന്നത് അപ്പോഴാണ് അവരും പൂജ ചെയ്യാൻ ആരംഭിച്ചത്. ഉയർന്നതിലും ഉയർന്ന നിരാകാരനായ പരമാത്മാവിനെയാണ് പറയുന്നത് – പതിത പാവനൻ, സർവ്വരുടേയും സദ്ഗതി ദാതാവ്, സർവ്വരുടേയും മുക്തി ദാതാവ്. തന്റെ കൂടെ സർവ്വരെയും കൂട്ടി കൊണ്ടു പോകും. നിങ്ങൾക്ക് അറിയാം ബാബ നമ്മുടെ അച്ഛനാണ്. നമ്മളെല്ലാവരും ഈ സമയത്ത് രോഗികളാണ്, ജ്ഞാനത്തിലൂടെ സദാ ആരോഗ്യമുള്ളവരും സദാ സമ്പന്നരുമായി മാറും. പറയാറുണ്ട് ദിവസവും ആപ്പിൾ കഴിക്കൂ എങ്കിൽ സദാ ആരോഗ്യമുള്ളവരാകും. ഇത് നിങ്ങൾ നേരിട്ട് കാണുന്നുണ്ട്. മായ സർവ്വരേയും രോഗിയാക്കി മാറ്റി. ഇപ്പോൾ സർവ്വരേയും ആരോഗ്യമുള്ളവരും സമ്പന്നരുമാക്കി മാറ്റുന്നത് ഒരു ബാബയാണ്. സൂക്ഷ്മവതനത്തിലും ആത്മാക്കൾ ആരോഗ്യമുള്ളവരായിരുന്നു. ഇവിടെ ഇപ്പോൾ ആരോഗ്യമില്ലാത്ത ആത്മാക്കളാണ് പിന്നെ എപ്പോഴാണോ മൂലവതനത്തിൽ നിന്നും ആത്മാക്കൾ വരുന്നത് അപ്പോൾ സുഖം മാത്രമായിരിക്കും കാണിക്കുക. അപ്പോൾ ബാബ ബ്രഹ്മാബാബയിലൂടെ ധാരാളം സുഖം നൽകുകയാണ്. ഇപ്പോൾ വിനാശം നടക്കുക തന്നെ വേണം. ഈ യജ്ഞത്തിലൂടെ വിനാശ ജ്വാല പുറപ്പെടും. ശാന്തി എങ്ങനെ സൃഷ്ടിക്കാം എന്നതിനെ കുറിച്ച് നിർദേശങ്ങൾ കൊടുക്കുന്നുണ്ട് പക്ഷെ ഇതും പാടപ്പെട്ടിട്ടുണ്ട് മനുഷ്യൻ ആഗ്രഹിക്കുന്നത് എന്തോ....... എപ്പോഴാണോ വിനാശം നടക്കാൻ പോകുന്നത് അപ്പോൾ ശാന്തി ലഭിക്കും. പിന്നെ എല്ലാ ആത്മാക്കളും തിരിച്ച് മുക്തിധാമത്തിലേക്ക് പോകും. വിനാശം സംഭവിക്കുക എന്നതല്ലാതെ വേറെ ഒരു മാർഗ്ഗവും ഇല്ല. ഇതും അവർക്ക് ആരാണ് പറഞ്ഞു കൊടുക്കുക? ഈ ഭീഷ്മ പിതാമഹനെ പോലെയുള്ളവർക്ക് അവസാനം ജ്ഞാനം ലഭിക്കും.

മനുഷ്യൻ ശാന്തിക്കു വേണ്ടി വഴി അന്വേഷിക്കുകയാണ് അതായത് എല്ലാവർക്കും ഒന്നാകണം എന്നെല്ലാം പറയുന്നുണ്ട്. എന്നാൽ അങ്ങനെ ഉണ്ടാകില്ല. ഇതിനു മുമ്പും വിനാശം ഉണ്ടായിട്ടുണ്ട്. യാദവരും കൗരവരും ഉണ്ടായിരുന്നു. ഗീതയുടെ ഭഗവാനും വന്നിരുന്നു. ഇപ്പോൾ പതിത ലോകമാണ്, ഇവിടെ ശ്രേഷ്ഠാചാരിയായി ആരുമില്ല. എല്ലാവരെക്കാളും ശ്രേഷ്ഠമായവർ ലക്ഷ്മി നാരായണനാണ്, ഇവർ തന്നെയാണ് സത്യയുഗത്തിൽ രാജ്യം ഭരിച്ചിരുന്നത്. ഇപ്പോഴാണെങ്കിൽ ഭ്രഷ്ടാചാരം വർദ്ധിക്കുകയാണ്, അപ്പോൾ

തീർച്ചയായും വിനാശം നടക്കണം. വിനാശത്തിനു ശേഷം സർവ്വർക്കും സുഖവും ശാന്തിയും പ്രാപ്തമാകും. സർവ്വർക്കും മനസ്സിലാക്കി കൊടുക്കണം നമ്മൾ ആദി സനാതന ദേവി ദേവതാ ധർമ്മത്തിലേതായിരുന്നു. ആദ്യം ആ ധർമ്മം മാത്രമാണ് ഉണ്ടായിരുന്നത്, ഇപ്പോഴില്ല. ഇപ്പോൾ വീണ്ടും അതിന്റെ സ്ഥാപന നടക്കുകയാണ്. ഈ സമയത്ത് നമ്മൾ ബ്രാഹ്മണരാണ് ദേവതകളല്ലല്ലോ. ആരെങ്കിലും പ്രഭാഷണം ചെയ്യാൻ വരുമ്പോൾ എന്തെങ്കിലുമൊക്കെ ചിന്തിച്ച്, പ്ലാൻ ചെയ്ത്, എന്തെല്ലാം പറയണം എന്ന് തയ്യാറാക്കിയിട്ടാണ് വരാറുള്ളത്. എന്താണ് പറയേണ്ടത് എന്നത് നമ്മുടെ കുട്ടികൾ മനസ്സിലാക്കിയിട്ടുണ്ട്. ശാന്തി സ്ഥാപന ചെയ്യാൻ സർവ്വർക്കും സദ്ഗതി ദാതാവായ ബാബയ്ക്കാണ് സാധിക്കുക, ബാബ മുക്തി ദാതാവാണ്. സർവ്വരേയും തിരിച്ച് വീട്ടിലേക്ക് കൊണ്ടു പോകാനുള്ള സമയമാണ് ഇത്.

ബാബ കുട്ടികളോട് ചോദിക്കുകയാണ് കുട്ടികളേ, നിങ്ങൾ സ്വയത്തെ സത്യയുഗത്തിലേക്ക് പോകാൻ യോഗ്യമാണെന്ന് മനസ്സിലാക്കുന്നുണ്ടോ? രാവണനു മുകളിൽ വിജയം നേടിയോ? പറയുന്നുണ്ട് ബാബാ വിജയിക്കുന്നതിന് ഞാൻ പുരുഷാർത്ഥം ചെയ്യുന്നുണ്ട്. എല്ലാവരും ബാബയുടെ മുന്നിൽ കൈ ഉയർത്താറുണ്ട് എന്തുകൊണ്ടെന്നാൽ ലജ്ജ തോന്നുകയാണ്. ബാബ പറയുകയാണ് തന്റെ മുഖം നോക്കൂ, എത്ര സമയം ബാബയെ ഓർമ്മിക്കുന്നുണ്ട്? അന്തിമ സമയത്ത് മറ്റൊന്നും ഓർമ്മ വരാത്ത രീതിയിലുള്ള അവസ്ഥ ഉണ്ടാകണം, അപ്പോഴാണ് അന്തിമ ഗതി സദ്ഗതിയാണ് എന്ന് പറയുന്നത്. കർമ്മാതീത സ്ഥിതിയിലേക്ക് എത്തിച്ചേരാൻ സാധിക്കൂ. എപ്പോഴാണോ മറ്റുള്ളവരുടെ സേവനം ചെയ്യുന്നത് അപ്പോൾ സദാ ഹർഷിതമായിരിക്കാൻ സാധിക്കും. നിങ്ങൾ ആത്മീയ സാമൂഹിക സേവകരാണ്. നിങ്ങൾക്കല്ലാതെ വേറെയാർക്കും ആത്മാവിന് ഇഞ്ചക്ഷൻ കൊടുക്കാൻ സാധിക്കില്ല. പാടുന്നുണ്ട് ജ്ഞാനത്തിന്റെ അഞ്ജനം സത്ഗുരു നൽകി... ആത്മാവിന് അറിയാം ഇപ്പോൾ എനിക്ക് മുഴുവൻ സൃഷ്ടിയുടേയും ആദി മദ്ധ്യ അന്ത്യത്തിന്റെ ജ്ഞാനം ലഭിച്ചു കഴിഞ്ഞു. ജ്ഞാന സാഗരനായ ബാബയോട് ഇത് ആത്മാവാണ് ശരീരത്തിലൂടെ പറയുന്നത്. ഇപ്പോൾ നമ്മുക്ക് തിരിച്ച് പോകണം-ഇത് വളരെ സന്തോഷത്തിന്റെ കാര്യമാണ്. പഴയ ശരീരത്തെ ഉപേക്ഷിച്ച് പുതിയ ശരീരം എടുക്കണം. ഈ കാരണം കൊണ്ടാണ് ശ്യാമസുന്ദരൻ എന്ന പേര് പോലും വന്നത്.

നിങ്ങൾക്ക് അറിയാം നമ്മൾ സുന്ദരമായിരുന്നു, ഇപ്പോൾ ശ്യാമനായി പിന്നെ സുന്ദരനാകും. ബാബ സുന്ദരമാക്കി മാറ്റുകയാണ്, മായ രാവണനാണ് ശ്യാമനാക്കി മാറ്റിയത്. കാമ ചിതയിൽ ഇരുന്നതിലൂടെയാണ് ശ്യാമനായത്. ഇത് വളരെ മനസ്സിലാക്കാനുള്ള സഹജമായ കാര്യങ്ങളാണ്. ജ്ഞാനം വിദ്യാർത്ഥികളുടെ ബുദ്ധിയിലും നമ്പർവാറായിട്ടാണ് ധാരണ ആകുന്നത്. ചിലരാണെങ്കിൽ വളരെ ബുദ്ധിശൂന്യരാണ്. അധ്യാപകനും പറയുകയാണ് ്പഠിക്കുന്ന ചിലർ വളരെ ബുദ്ധിശൂന്യരാണ്. ദേഹാഭിമാനം കൂടുതലാണ്. ആത്മാഭിമാനി ആയി കഴിയുകയാണെങ്കിൽ സദാ ഹർഷിതമായിരിക്കാം. ആത്മാവ് ആത്മാവിനെ നോക്കണം തന്റെ സഹോദരനെ കണ്ട് സന്തോഷിക്കുകയാണ്. ബാബ കുട്ടികളെ കണ്ട് സന്തോഷിക്കുകയാണ്.

ബാബ പറയുകയാണ് കുട്ടികളേ ഞാൻ വന്നിരിക്കുകയാണ് നിങ്ങളെ മായയിൽ നിന്നും മുക്തമാക്കി തിരിച്ച് കൂടെ കൊണ്ടു പോകുന്നതിന്. ഈ ശരീരത്തിലാണ് ശിവബാബ പ്രവേശിക്കുന്നത്, അതും ഭ്രുകുടിയിൽ. അതല്ലാതെ ശിരസ്സിനു മുകളിൽ നിന്നും ഗംഗയൊന്നും ഒഴുകില്ല. ശിവൻ കാളപ്പുറത്ത് യാത്ര ചെയ്യുന്നതായി കാണിച്ചിട്ടുണ്ട്. കാളയുടെ ഭ്രുകുടിയിൽ ശിവന്റെ ചിത്രം കാണിക്കാറുണ്ട്. ആത്മാവ് ഭ്രുകുടിയിലാണ് ഇരിക്കുക. ഏതാണോ ആത്മാവിന്റെ സ്ഥാനം തീർച്ചയായും അവിടെ ആയിരിക്കും ഇരിക്കുക. ഗുരുക്കന്മാർ തന്റെ ശിഷ്യൻമാരെ അടുത്ത് ഇരുത്താറുണ്ട്. അതുപോലെ സത്ഗുരുവും അടുത്ത് വന്നിരിക്കുകയാണ്. ഗുരു ബ്രഹ്മാവ് എന്നാണ് പറയാറുള്ളത്, വിഷ്ണുവിനേയോ ശങ്കരനേയോ ഗുരുവെന്ന് പറയാറില്ല. ബ്രഹ്മാവ് തന്നെയാണ് വിഷ്ണുവിന്റെ രണ്ട് രൂപങ്ങളായി മാറാറുള്ളത്. ശിവനെ ഗുരുവെന്ന് പറയാം എന്തുകൊണ്ടെന്നാൽ സർവ്വർക്കും സദ്ഗതി നൽകുന്നുണ്ട്. ഉയർന്നതിലും ഉയർന്നത് ഭഗവാൻ തന്നെയാണ്. എത്ര നല്ല രീതിയിലാണ് മനസ്സിലാക്കി തരുന്നത്. ശരി.

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

**ധാരണയ്ക്കുള്ള മുഖ്യ സാരം:-**

1) സദാ ഹർഷിതമായി കഴിയുന്നതിന് ആത്മാഭിമാനി ആകണം. നമ്മൾ ആത്മാക്കൾ സഹോദരൻമാരാണ്, ഈ ദൃഷ്ടി ഉറപ്പിക്കണം.

2) ആത്മീയ സാമൂഹിക സേവകനായി ആത്മാവിന് ജ്ഞാനത്തിന്റെ ഇഞ്ചക്ഷൻ നൽകണം. സർവ്വരുടേയും ആത്മീയ സേവനം ചെയ്യണം.

## വരദാനം:- സന്തുഷ്ടതയുടെ ആധാരത്തിൽ ആശീർവ്വാദങ്ങൾ നൽകുകയും നേടുകയും ചെയ്യുന്ന സഹജ പുരുഷാർത്ഥിയായി ഭവിക്കൂ

സർവ്വരുടെയും ആശീർവ്വാദങ്ങൾ അവർക്കാണ് ലഭിക്കുന്നത് ആരാണോ സ്വയം സന്തുഷ്ടമായി കഴിഞ്ഞ് സർവ്വരെയും സന്തുഷ്ടമാക്കുന്നത്. എവിടെ സന്തുഷ്ടതയുണ്ടോ അവിടെ ആശീർവ്വാദങ്ങളുണ്ട്. അഥവാ സർവ്വ ഗുണങ്ങളെയും ധാരണ ചെയ്യുന്നതിൽ അല്ലെങ്കിൽ സർവ്വ ശക്തികളെയും നിയന്ത്രിക്കുന്നതിൽ പരിശ്രമം അനുഭവപ്പെടുന്നുണ്ടെങ്കിൽ, അതും ഉപേക്ഷിക്കൂ, കേവലം അമൃതവേള മുതൽ രാത്രി വരെ ആശീർവ്വാദങ്ങൾ നൽകുന്നതിന്റെയും നേടുന്നതിന്റെയും ഒരേഒരു കാര്യം ചെയ്യൂ അപ്പോൾ ഇതിൽ എല്ലാം വരും. ആരെങ്കിലും ദുഃഖം നൽകിയാലും താങ്കൾ ആശീർവ്വാദങ്ങൾ നൽകൂ എങ്കിൽ സഹജ പുരുഷാർത്ഥിയാകും.

## സ്ലോഗൻ:- ആരാണോ സമർപ്പിത സ്ഥിതിയിൽ കഴിയുന്നത് അവരുടെ മുന്നിൽ സർവ്വരുടെയും സഹയോഗം സ്വതവേ സമർപ്പിതമാകുന്നു.

### മാതേശ്വരീജിയുടെ അമൂല്യ മഹാവാക്യം
### “മനുഷ്യാത്മാവ് തന്റെ മുഴുവൻ സമ്പാദ്യവുമനുസരിച്ച് ഭാവി പ്രാലബ്ധം അനുഭവിക്കുന്നു”

നോക്കൂ, ധാരാളം മനുഷ്യർ ഇങ്ങനെ കരുതുന്നുണ്ട് നമ്മുടെ പൂർവ്വ ജന്മങ്ങളിലെ നല്ല സമ്പാദ്യങ്ങളാലാണ് ഇപ്പോൾ ഈ ജ്ഞാനം പ്രാപ്തമായത് എന്നാൽ ഇങ്ങനെയുള്ള കാര്യമേയില്ല, പൂർവ്വ ജന്മത്തെ നല്ല ഫലമുണ്ട്, ഇത് നമുക്കറിയാം. കൽപത്തിന്റെ ചക്രം കറങ്ങിക്കൊണ്ടിരിക്കുന്നു സതോ, രജോ, തമോ മാറിക്കൊണ്ടിരിക്കുന്നു എന്നാൽ ഡ്രാമയനുസരിച്ച് പുരുഷാർത്ഥത്തിലൂടെ പ്രാലബ്ധമുണ്ടാകുന്നതിന്റെ മാർജിൻ വച്ചിട്ടുണ്ട് അതുകൊണ്ടാണ് അവിടെ സത്യയുഗത്തിൽ ചിലർ രാജാ-റാണി, ചിലർ ദാസി, ചിലർ പ്രജാ പദവി പ്രാപ്തമാക്കുന്നത്. അതുകൊണ്ട് ഇതാണ് പുരുഷാർത്ഥത്തിന്റെ സിദ്ധി, അവിടെ ദ്വൈതം, അസൂയ ഉണ്ടായിരിക്കില്ല, അവിടെ പ്രജയും സുഖിയാണ്. രാജാവും-റാണിയും പ്രജകളെ ഇങ്ങനെ സംരക്ഷിക്കുന്നു ഏതുപോലെയാണോ മാതാ-പിതാക്കൾ തന്റെ മക്കളെ സംരക്ഷിക്കുന്നത്, അവിടെ ദരിദ്രരും സമ്പന്നരും എല്ലാവരും സന്തുഷ്ടരാണ്. ഈ ഒരു ജന്മത്തെ പുരുഷാർത്ഥത്തിലൂടെ 21 തലമുറയിലേക്ക് സുഖം അനുഭവിക്കും. ഇതാണ് അവിനാശിയായ സമ്പാദ്യം, ഈ അവിനാശീ സമ്പാദ്യത്തിൽ അവിനാശീ ജ്ഞാന രത്നങ്ങളിലൂടെ അവിനാശീ പദവി ലഭിക്കുന്നു. നമ്മളിപ്പോൾ സത്യയുഗീ ലോകത്തിലേക്ക് പൊയ്ക്കൊണ്ടിരിക്കുകയാണ്, ഈ യഥാർത്ഥ കളി നടന്നുകൊണ്ടിരിക്കുന്നു, ഇവിടെ ഒരു മന്ത്രത്തിന്റെയും കാര്യമില്ല. ശരി - ഓം ശാന്തി.